ബാർ ഹോട്ടലുകൾക്ക് ലൈസൻസ് പുതുക്കി നൽകുന്ന നടപടി

119 [1098] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം ഏതെല്ലാം ബാർ ഹോട്ടലുകൾക്കാണ് ബാർ ലൈസൻസ് പുതുക്കി നല്കിയിട്ടുള്ളത്;

(ബി) നിലവിൽ ബാർ ലൈസൻസ് പുതുക്കി നല്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്;

(സി) ബാർ ലൈസൻസ് പുതുക്കി നൽകാത്തതിന്റെ പേരിൽ ഏതെല്ലാം ബാർ ഹോട്ടലുകളാണ് ബഹു: ഹൈക്കോടതിയിൽ സർക്കാരിനെതിരെ കേസ്സ് നൽകിയിട്ടുള്ളത്;

(ഡി) കേസ്സിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ബാർ ഹോട്ടലുകൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്;

(ഇ) ഹൈക്കോടതിയിൽനിന്ന് അനുകൂല വിധി വന്നാലും ലൈസൻസ് പുതുക്കുന്നതിനും ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെടാറുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എല്ലാ വർഷവും നിശ്ചിത മാനദണ്ഡം പാലിക്കുന്ന നിലവിൽ ലൈസൻസുള്ള ബാർ ലൈസൻസുകൾ പുതുക്കി നൽകാറുണ്ട്. നിശ്ചിത ലൈസൻസ് ഫീസ് അടയ്ക്കാത്തതിനാൽ ഇടുക്കി ജില്ലയിലെ ഹോട്ടൽ പെരിയാർ വ്യൂ, സുപ്രീംകോടതി വിധിയനുസരിച്ച് കൊല്ലം ജില്ലയിലെ ഹോട്ടൽ ഹിൽവേ എന്നിവയൊഴികെയുള്ള എല്ലാ ലൈസൻസുകളും പുതുക്കി നൽകിയിട്ടുണ്ട്.

(ബി) 1. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ലൈസൻസ് ഫീസ് അടയ്ക്കുകയും പുതുക്കുന്നതിന് അപേക്ഷ നൽകുകയും വേണം.

2. ലൈസൻസിയോ ലൈസൻസ് അനുവദിച്ചിരിക്കുന്ന പരിസരത്തിന്റെയോ സ്വഭാവം, ഉള്ളടക്കം, പരിധി എന്നിവയ്ക്ക് മാറ്റം ഉണ്ടാകാതിരിക്കുക.

3. അബ്കാരി കുടിശ്ശികയുള്ള ലൈസൻസി കുടുശ്ശികയുടെ 50 ശതമാനം അടച്ചതായി സാക്ഷ്യപത്രം ഹാജരാക്കണം.

മേല്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കുന്ന ബാർ ലൈസൻസുകളാണ് പുതുക്കി നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. ഹോട്ടൽ അപ്സര, ചാലക്കുടി.
2. ഹോട്ടൽ വോൾഗ, തൃശ്ശൂർ.
3. ഹോട്ടൽ ഹൈവേ, തൃശ്ശൂർ.
4. ജോളി ബാർ, തൃശ്ശൂർ.
5. ബ്ലിസ് ഹോട്ടൽ, വാടാനാപ്പിള്ളി.
6. ഹോട്ടൽ അപ്സര, പാലക്കാട്.
7. ഹോട്ടൽ സനാന, എറണാകുളം.

(സർക്കാരിനനുകൂലമായ കോടതി ഉത്തരവിൻപ്രകാരം ബാർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.)

8. മോഡേൺ ഹോട്ടൽ, കുണ്ടറ.
9. സിറ്റി ബാർ, തിരുവനന്തപുരം.
10. സിറ്റിലൈറ്റ്, തിരുവനന്തപുരം.
11. ഹോട്ടൽ പഞ്ചവടി, തൃശ്ശൂർ.
12. ഹോട്ടൽ വൃന്ദാവ, തൃശ്ശൂർ. കൂടാതെ ഈ വർഷത്തെ ലൈസൻസ് ഫീസ് ഘടനയ്ക്കെതിരെ കേരള ബാർ ഹോട്ടൽ അസോസിയേഷനും മറ്റ് പല ബാർ ഹോട്ടലുകളും ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ട്.

(ഡി) 1. ഹോട്ടൽ അപ്സര, ചാലക്കുടി.
2. ഹോട്ടൽ വോൾഗ, തൃശ്ശൂർ.
3. ഹോട്ടൽ ഹൈവേ, തൃശ്ശൂർ.
4. ജോളി ബാർ, തൃശ്ശൂർ.
5. ബ്ലിസ് ഹോട്ടൽ, വാടാനാപ്പിള്ളി.
6. ഹോട്ടൽ അപ്സര, പാലക്കാട്.
7. ഹോട്ടൽ സനാന, എറണാകുളം.

(പിന്നീടുണ്ടായ സർക്കാരിനനുകൂലമായ കോടതി ഉത്തരവിൻപ്രകാരം ബാർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.)

8. മോഡേൺ ഹോട്ടൽ, കുണ്ടറ.
9. സിറ്റി ബാർ, തിരുവനന്തപുരം.
10. സിറ്റിലൈറ്റ്, തിരുവനന്തപുരം.
11. ഹോട്ടൽ പഞ്ചവടി, തൃശ്ശൂർ.
12. ഹോട്ടൽ വൃന്ദാവ, തൃശ്ശൂർ. കൂടാതെ കേരള ബാർ ഹോട്ടൽ അസോസിയേഷൻ നൽകിയ കേസിന്റെ ഉത്തരവിൻപ്രകാരം ലൈസൻസ് പുതുക്കി നൽകിയ ഹോട്ടലുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ഇല്ല.

(എഫ്) മുകളിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly